# പതിനാലാം കേരള നിയമസഭ
## പതിനഞ്ചാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ.2531** **17.06.2019-ൽ മറുപടിയ്ക്ക്**

## പഠനം നിർത്തിപ്പോകുന്ന വിദ്യാർത്ഥികൾ

| ചോദ്യം: | | മറുപടി: | |
|---|---|---|---|
| ശ്രീ.പി.ഉണ്ണി | | എ.കെ.ബാലൻ<br>(പട്ടികജാതി പട്ടികവർഗ്ഗ പിന്നാക്ക സമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പ് മന്ത്രി) | |
| (എ) | പട്ടികജാതി പട്ടികവർഗ്ഗത്തിൽപ്പെടുന്ന വിദ്യാർത്ഥികൾ സ്കൂളുകളിൽ നിന്നും ഇടയ്ക്ക് പഠനം നിർത്തിപ്പോകുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | പട്ടികജാതി വിദ്യാർത്ഥികൾ സ്കൂളുകളിൽ നിന്നും ഇടയ്ക്ക് പഠനം നിർത്തി പോകുന്ന കാര്യം വകുപ്പിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടില്ല. എന്നാൽ പട്ടികവർഗ്ഗത്തിൽപ്പെട്ട കുട്ടികൾ സ്കൂൾ പഠനം പൂർത്തീകരിക്കാതെ നിർത്തിപ്പോകുന്നത് ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ട്. |
| (ബി) | അത്തരം വിദ്യാർത്ഥികൾക്ക് അവരുടെ വിദ്യാഭ്യാസം നല്ല രീതിയിൽ ലഭിക്കുന്നു എന്ന് ഉറപ്പുവരുത്തുന്നതിനായി എന്തെല്ലാം നടപടികൾ ആണ് സ്വീകരിച്ചുവരുന്നത്; വ്യക്തമാക്കാമോ? | (ബി) | സ്കൂൾ പഠനം പൂർത്തീകരിക്കാതെ പോവുന്ന വിദ്യാർത്ഥികൾക്ക് അവരുടെ തുടർവിദ്യാഭ്യാസം ഉറപ്പുവരുത്തുന്നതിനായും കൊഴിഞ്ഞുപോക്ക് തടയുന്നതിനായും പട്ടികവർഗ്ഗ പ്രൊമോട്ടർമാർ വഴി വ്യാപകമായ ബോധവത്ക്കരണം നടത്തിവരുന്നു.<br>വിദൂര സ്ഥലങ്ങളിൽ നിന്നും കുട്ടികൾക്ക് സ്കൂളിൽ എത്തുന്നതിനായുള്ള വാഹനസൗകര്യം ലഭ്യമാക്കിക്കൊണ്ട് "ഗോത്രസാരഥി" പദ്ധതി വകുപ്പ് നടത്തിവരുന്നുണ്ട്. മുടങ്ങാതെ സ്കൂളിൽ എത്തുന്ന കുട്ടികളുടെ രക്ഷിതാക്കൾക്ക് പ്രോത്സാഹന ധനസഹായം നൽകിവരുന്നു.<br>വയനാട് ജില്ല, പാലക്കാട് ജില്ലയിലെ അട്ടപ്പാടി ബ്ലോക്ക് എന്നിവിടങ്ങളിലെ തിരഞ്ഞെടുത്ത സർക്കാർ/എയ്ഡഡ് സ്കൂളുകളിൽ ഗോത്രവിഭാഗത്തിൽപ്പെട്ട ഓരോ അദ്ധ്യാപകരെ "ഗോത്രബന്ധു പദ്ധതി" പ്രകാരം നിശ്ചയിച്ചിട്ടുണ്ട്.<br>2016-17 വർഷം വയനാട് ജില്ലയിൽ 1 മുതൽ 4 വരെ ക്ലാസുകളിൽ പഠിച്ചിരുന്ന 359 പട്ടികവർഗ്ഗ വിദ്യാർത്ഥികൾ കൊഴിഞ്ഞുപോയിരുന്നു. എന്നാൽ ഗോത്രബന്ധുപദ്ധതി നടപ്പിലാക്കിയതിന്റെ ഫലമായി 2017-18 വർഷത്തിൽ കൊഴിഞ്ഞുപോക്ക് 321 ആയും 2018-19 വർഷത്തിൽ 111 ആയും കുറക്കാൻ കഴിഞ്ഞിട്ടുണ്ട്. |

| | | | |
|---|---|---|---|
| (സി) | ഗോത്രബന്ധു പദ്ധതി പ്രകാരം പാലക്കാട് ജില്ലയിലെ എത്ര കുട്ടികളുടെ വിദ്യാഭ്യാസം ഉറപ്പുവരുത്തുവാൻ കഴിഞ്ഞു; വിശദമാക്കാമോ? | (സി) | ഗോത്രബന്ധു പദ്ധതി പ്രകാരം പാലക്കാട് ജില്ലയിലെ അട്ടപ്പാടി ബ്ലോക്കിലെ 21 സർക്കാർ/എയ്ഡഡ് സ്കൂളുകളിൽ 2018-19 അധ്യയന വർഷം 26 പേരെ മെൻറർ ടീച്ചർമാരെ നിയമിച്ചു. ടി പദ്ധതി നടപ്പിലാക്കിയത് കൊണ്ട് 2018-19 അധ്യന വർഷം പാലക്കാട് ജില്ലയിലെ പ്രൈമറി ക്ലാസുകളിലുള്ള 2669 പട്ടികവർഗ്ഗ വിദ്യാർത്ഥികളുടെ വിദ്യാഭ്യാസം ഉറപ്പുവരുത്താൻ കഴിഞ്ഞിട്ടുണ്ട്. |

**സെക്ഷൻ ഓഫീസർ**